# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 111** — **20.01.2014ൽ മറുപടിക്ക്**

**<u>എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ:<br>ശ്രീ.പി.സി.വിഷ്ണുനാഥ്:<br>ശ്രീ. എം. പി. വിൻസെന്റ്:<br>ശ്രീ. സണ്ണി ജോസഫ്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) എല്ലാ പഞ്ചായത്തുകളിലും മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ആരുടെയെല്ലാം സഹായമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായമാണ് ഇതിനായി പ്രയോജനപ്പെടുത്തും. |
| (സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) കേരളത്തിൽ ആകെയുള്ള 978 ഗ്രാമ പഞ്ചായത്തുകളിൽ 63 എണ്ണം ഒഴികെ ബാക്കി എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി നാളിതുവരെ അപേക്ഷകൾ സമർപ്പിക്കാത്ത ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്ക് മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനായും താൽപ്പര്യം അറിയിക്കുന്നതിനായും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കി സപ്ലൈകോ ഹെഡ് ആഫീസിൽ നിന്നും നേരിട്ട് കത്ത് അയച്ചിട്ടുണ്ട്. സപ്ലൈകോ റീജിയണൽ ആഫീസുകളിലൊ ഡിപ്പോ ആഫീസുകളിലൊ ഹെഡ് ആഫീസിലോ അപേക്ഷകൾ സമർപ്പിക്കാവുന്നതുമാണ്. |
| (ഡി) പ്രസ്തുത പദ്ധതി മൂലം പൊതു വിപണിയിലെ വിലവർദ്ധന എത്രമാത്രം നിയന്ത്രിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്? | (ഡി) കേരളത്തിൽ ആകെയുള്ള 978 ഗ്രാമ പഞ്ചായത്തുകളിൽ 63 എണ്ണം ഒഴികെ എല്ലാ പഞ്ചായത്തുകളിലും ഇപ്പോൾ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പല പഞ്ചായത്തുകളിലും സപ്ലൈകോയുടെ ഒന്നിലധികം വിൽപ്പന ശാലകൾ ഇപ്പോൾ തന്നെ പ്രവർത്തിയ്ക്കുന്നുണ്ട്. സപ്ലൈകോയുടെ സേവനം പൊതു വിപണിയിലെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് വളരെയധികം സഹായകരമാണ്. |

Beena

**സെക്ഷൻ ഓഫീസർ**